# കേരള സർക്കാർ

## ധനകാര്യ (ഐ.ടി-സിസ്റ്റംസ്) വകുപ്പ്

### സർക്കുലർ

നം.23/2016/ധന                                        തീയതി, തിരുവനന്തപുരം, 17/03/2016

വിഷയം:- ധനകാര്യ (ഐ.ടി) സിസ്റ്റംസ് - ഇ-ഓഫീസ് – ധനകാര്യ വകുപ്പിൽ വരുന്ന തപാലുകൾ/ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന:- 1) സ.ഉ(പി)നം.27/2015/ഐ.ടി.ഡി തീയതി 20/08/2015.
2) സ.ഉ(കൈ)നം.4/2015/ഐ.ടി.ഡി തീയതി 18/02/2015.

സെക്രട്ടറിയേറ്റ് വകുപ്പുകളിൽ നിലവിലുണ്ടായിരുന്ന file entry/tracking സംവിധാനമായ IDEAS 11/03/2016 മുതൽ ധനകാര്യ വകുപ്പിൽ നിർത്തലാക്കിയിരിക്കുകയാണ്. ആയതിനാൽ ധനകാര്യ (തപാൽ/ന്യൂതപാൽ) വകുപ്പിൽ അനുവർത്തിച്ചു വന്ന നടപടിക്രമങ്ങൾ താഴെ പറയും പ്രകാരം പരിഷ്ക്കരിക്കുന്നു.

1) സർവ്വീസ് ബുക്കുകൾ/പെൻഷൻ ബുക്കുകൾ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ ഉൾപ്പെടുന്ന ഫയലുകൾ, സമയബന്ധിതമായി തീർപ്പുകല്പിക്കേണ്ട കോടതി വ്യവഹാര ഫയലുകൾ എന്നിവ ഒഴികെയുള്ള ഫിസിക്കൽ ഫയലുകൾ ധനകാര്യ (തപാൽ/ന്യൂതപാൽ) വകുപ്പിൽ സ്വീകരിക്കുന്നതല്ല.

2) സർവ്വീസ് ബുക്കുകൾ, പെൻഷൻ ബുക്കുകൾ, മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ, സമയബന്ധിതമായി തീർപ്പുകല്പിക്കേണ്ട കോടതി വ്യവഹാരങ്ങൾ ഉൾപ്പെട്ട ഫയലുകൾ അതാത് ഭരണവകുപ്പ് തന്നെ സ്കാൻ ചെയ്ത് ഇ-റസീപ്റ്റായി ധനകാര്യ (സി.ആർ.യു) വകുപ്പിൽ അയച്ച ശേഷം പരിശോധനയ്ക്കായി ടി ഫിസിക്കൽ ഫയലുകൾ ധനകാര്യ (തപാൽ) വകുപ്പിന് അയയ്ക്കേണ്ടതാണ്. ടി ഫയലുകൾ ധനകാര്യ (തപാൽ) വകുപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തി അതാത് ധനകാര്യ സെക്ഷനിൽ നൽകേണ്ടതുമാണ്.

3) ധനകാര്യ (തപാൽ/ന്യൂതപാൽ) വകുപ്പിൽ വരുന്ന തപാലുകൾ കൈപ്പറ്റി വിതരണം ചെയ്യേണ്ട ധനകാര്യ സെക്ഷൻ രേഖപ്പെടുത്തി ധനകാര്യ (സ്കാനിംഗ്) വകുപ്പിന് നൽകേണ്ടതാണ്. ഭരണവകുപ്പിൽ നിന്നും അയയ്ക്കുന്ന അനൗദ്യോഗിക കുറിപ്പുകൾ, സർക്കുലറുകൾ, സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ തുടങ്ങിയവ ഫിസിക്കലായി സ്വീകരിക്കേണ്ടതുമാണ്.

4) ധനകാര്യ (സ്കാനിംഗ്) വകുപ്പ് സ്കാൻ, ഡയറൈസ് ചെയ്ത് ഇലക്ട്രോണിക് നമ്പർ രേഖപ്പെടുത്തി ടി ഫയലുകൾ/തപാലുകൾ അതാത് ധനകാര്യ സെക്ഷനിലെ സെക്ഷൻ ഓഫീസർ/അക്കൗണ്ട്സ് ഓഫീസർമാർക്ക് (ഇലക്ടോണിക്കായി) കൈമാറേണ്ടതാണ്. ധനകാര്യ (തപാൽ/ന്യൂതപാൽ) വകുപ്പ് സ്കാൻ ചെയ്ത ഫിസിക്കൽ ഫയൽ/തപാൽ അതാത് സെക്ഷന് നൽകേണ്ടതുമാണ്.

5) ഇ-റസീപ്റ്റ് ആയി സെക്രട്ടറിയേറ്റ് വകുപ്പുകളിൽ നിന്നും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുന്ന ഫയലുകളിൽ, തീരുമാനം കൈക്കൊണ്ട് അതാത് സെക്ഷൻ തന്നെ തീരുമാനത്തിന്റെ പകർപ്പ് ഡിജിറ്റൽ സിഗ്നേച്ചർ/ഫിസിക്കൽ സിഗ്നേച്ചർ സഹിതം അതാത് വകുപ്പിന്റെ Central Registry Unit – ന് നൽകേണ്ടതാണ്.

**ജയ് മേരി ജോൺ**
**അഡീഷണൽ സെക്രട്ടറി**

To

ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഇൻഫർമേഷൻ ടെക്നോളജി (ഐ.ടി-സെൽ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി-(IS/14/2016-Fin)
ഓഫീസ് സൂപ്രണ്ട്, ധനകാര്യ (ഡെസ്പാച്ച്/തപാൽ/ന്യൂതപാൽ) സെക്ഷൻ

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

അക്കൗണ്ട്സ് ഓഫീസർ

| Sl. No. | Name of Department | CRU email Address |
|---|---|---|
| 1 | Agriculture | cru.agri@kerala.gov.in |
| 2 | Animal Husbandry | cru.ahd@kerala.gov,in |
| 3 | Backward Classes Development | cru.bcdd@kerala.gov.in |
| 4 | Co-operation | cru.coop@kerala.gov.in |
| 5 | Culture Affairs | cru.cad@kerala.gov.in |
| 6 | Coastal Shipping & Inland Navigation | cru.csind@kerala.gov.in |
| 7 | Dairy | cru.dairy@.kerala.gov.in |
| 8 | Election | cru.elc@kerala.gov.in |
| 9 | Environment | cru.env@kerala.gov.in |
| 10 | Finance | cru.fin@kerala.gov.in |
| 11 | Fisheries & Ports | cru.port.fish@kerala.gov.in |
| 12 | Food & Civil Supplies | cru.fcs@kerala.gov.in |
| 13 | Forest | cru.for@kerala.gov.in |
| 14 | General Administration | cru.gad@kerala.gov.in |
| 15 | General Education | cru.gedn@kerala.gov.in |
| 16 | Health | cru.hlth@kerala.gov.in |
| 17 | Higher Education | cru.hed@kerala.gov.in |
| 18 | Home | cru.home@kerala.gov.in |
| 19 | Housing | cru.hsng@kerala.gov.in |
| 20 | Industries | cru.ind@kerala.gov.in |
| 21 | Information & Public Relations | cru.prd@kerala.gov.in |
| 22 | Information Technology | cru.itd@kerala.gov.in |
| 23 | Labour | cru.lbr@kerala.gov.in |
| 24 | Law | cru.law@kerala.gov.in |
| 25 | Local Self Government | cru.lsgd@kerala.gov.in |
| 26 | Non-Resident Keralites' Affairs | cru.norka@kerala.gov.in |
| 27 | Parliamentary Affairs | cru.plmtyaffr@kerala.gov.in |
| 28 | Personnel & Administrative Reforms | cru.pard@kerala.gov.in |
| 29 | Planning | cru.plan@kerala.gov.in |
| 30 | Power | cru.pwr@kerala.gov.in |
| 31 | Public Works | cru.pwd@kerala.gov.in |
| 32 | Revenue | cru.rev@kerala.gov.in |
| 33 | Scheduled Caste & Schedule Tribe | cru.scst@kerala.gov.in |
| 34 | Science & Technology | cru.scnce.tech@kerala.gov.in |
| 35 | Social Justice | cru.sjd@kerala.gov.in |
| 36 | Sports & Youth Affairs | cru.sportyaff@kerala.gov.in |
| 37 | Stores Purchase | cru.strsprchs@kerala.gov.in |
| 38 | Taxes | cru.taxes@kerala.gov.in |
| 39 | Tourism | cru.tour@kerala.gov.in |
| 40 | Transport | cru.tspt@kerala.gov.in |
| 41 | Vigilance | cru.vig@kerala.gov.in |
| 42 | Water Resourses | cru.wrd@kerala.gov.in |